**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **06-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടാങ്ങൽ പഞ്ചായത്ത് ഭൂമി വൈദ്യുതി ബോർഡിന് കൈമാറുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി വിട്ട് നൽകുവാനുള്ള പ്രമേയം പാസ്സാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് കോട്ടാങ്ങൽ പഞ്ചായത്ത് നൽകിയിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വായ്പൂരിൽ ഉള്ള 338/10 സർവ്വെ നമ്പരിൽപ്പെട്ട വസ്തുവിൽ നിന്ന് 10 സെന്റ് സ്ഥലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിരുപാധികം വിട്ട് കൊടുക്കുന്നതിന് 05.05.2018-ൽ കൂടിയ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ 8/1 നമ്പരായി തീരുമാനിച്ചിരുന്നു എന്ന് കാണുന്നു. എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 27.12.2018-ലെ ഡയറക്ടർ ബോർഡ് തീരുമാനം പ്രകാരം ടി ഭൂമിയ്ക്ക് സെന്റ് ഒന്നിന് 100/- രൂപ നിരക്കിൽ കേവല വില നിശ്ചയിച്ച് ആയത് പ്രകാരം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈദ്യുതി ബോർഡ് കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയതായും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് യോഗം ചേരുകയും സ്ഥലം വിട്ട് നൽകുന്നതുമൂലം ഗ്രാമപഞ്ചായത്തിന് ഭൂമി സംബന്ധമായ ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുകയില്ലായെന്നും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത തരത്തിൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം ടി ഓഫീസ് ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തേണ്ടതിന്റെ അനിവാര്യത ഗ്രാമ പഞ്ചായത്തിന് ബോധ്യമുള്ളതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ആവശ്യപ്രകാരം ടി ഭൂമി 1 സെന്റിന് 100/- രൂപ നിരക്കിൽ കേവല വില ഈടാക്കി വിട്ട് നൽകുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും കാണുന്നു. എന്നാൽ പ്രസ്തുത ശിപാർശ നാളിതുവരെ സമർപ്പിച്ചിട്ടില്ല.** |
| (ബി) | സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ ഭരണ വകുപ്പിന് | (ബി) | സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ കൈമാറേണ്ട പ്രൊഫോർമ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | കൈമാറേണ്ട പ്രൊഫോർമയുടെ പകർപ്പ് ലഭ്യമാക്കാമോ; | | രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ 2005-ൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലം വൈദ്യുതി വകുപ്പിന് കൈമാറുന്നതിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ